

വെൺപാലവട്ടം ഭഗവതി ക്ഷേത്രത്തിലെ ഉത്സവാഘോഷങ്ങളുടെ ഭാഗമായി നടന്ന സാംസ്കാരിക സമ്മേളനം രാഹുൽ ഈശ്വർ ഉദ്ഘാടനം ചെയ്യുന്നു. ക്ഷേത്ര ട്രസ്റ്റ് ചെയർമാൻ ഡോ. ബിജു രമേശ്, ട്രസ്റ്റ് സെക്രട്ടറി പട്ടം രമേശൻ, ഉത്സവ കമ്മിറ്റി ജോയിന്റ് സെക്രട്ടറി ജി.എം. തൃലോക്ചന്ദ് തുടങ്ങിയവർ സമീപം



ട്രിവാൻഡ്രം റസിഡന്റ്സ് അപ്പക്സ് കൗൺസിൽ (ട്രാക്ക്) ഭാരവാഹികൾ വിളപ്പിൽശാല മാലിന്യ സംസ്കരണ ഫാക്ടറി സന്ദർശിച്ച് തയ്യാറാക്കിയ റിപ്പോർട്ട് പനങ്ങോട്ടുകോണം വിജയൻ, അമരവിള രാമകൃഷ്ണൻനായർ, കെ.ടി. റോയി എന്നിവർ ചേർന്ന് മേയർ കെ. ചന്ദ്രികയ്ക്ക് നൽകുന്നു



പൊന്നറ നഗർ റസിഡന്റ്സ് അസോസിയേഷന്റെ വാർഷികവും കുടുംബ സംഗമവും വി. ശിവൻകുട്ടി എം. എൽ. എ ഉദ്ഘാടനം ചെയ്യുന്നു. ബി. രാജേന്ദ്രൻ, എസ്. വിജയകുമാർ, പി. പത്മകുമാർ, ഷാജിത നാസർ, രശ്മി, മുട്ടത്തറ മോഹനൻ, എസ്. ഉണ്ണിക്കൃഷ്ണൻനായർ, ബി. സുരേഷ്കുമാർ തുടങ്ങിയവർ സംബന്ധിച്ചു.



ശാസ്തമംഗലം തടങ്കൽ പാളയം ചരിത്രസ്മാരകമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അടിയന്തരാവസ്ഥ തടവുകാരുടെ ഏകോപന സമിതിയുടെ പ്രതീകാത്മക പ്രഖ്യാപനം ഫിലിപ്പ് എം. പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു. പട്ടം രവി, ഉണ്ണിച്ചെക്കൻ, ജോയി തുടങ്ങിയവർ സമീപം



തമ്പാനൂർ സ്പെഷ്യൽ : ഇന്നലെ വൈകിട്ട് പെയ്ത മഴയിൽ തമ്പാനൂരിൽ വെള്ളം നിറഞ്ഞപ്പോൾ. നഗരത്തിൽ പലേടത്തും മഴ പെയ്തിരുന്നില്ല.

# ചെല്ലമംഗലം ദേവീക്ഷേത്രോത്സവം ഇന്നു തുടങ്ങും

തിരുവനന്തപുരം : ചെമ്പഴന്തി ചെല്ലമംഗലം ദേവീക്ഷേത്രത്തിലെ തൃക്കൊടിയേറ്റ് മഹോത്സവവും നാലാം പുനഃപ്രതിഷ്ഠാ വാർഷികവും ഇന്ന് തുടങ്ങും. 18നു സമാപിക്കും. ഇന്നു രാവിലെ 9നും 9.50നും മദ്ധ്യേ കൊടിയേറ്റ്, വൈകിട്ട് 7ന് അന്നദാനം, രാത്രി 7.15ന് നടക്കുന്ന സാംസ്കാരിക സമ്മേളനം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. മേയർ അഡ്വ. കെ. ചന്ദ്രിക മുഖ്യാതിഥിയായിരിക്കും. എം. എ. വാഹിദ് എം.എൽ.എ, സ്വാമി ഗുരുപ്രസാദ്, ബി. സോമദത്തൻ, പി. സുരേഷ്കുമാർ, കെ.എസ്.ഷീല, ആർ. സുരേന്ദ്രൻ, കെ. വിദ്യാനന്ദൻ തുടങ്ങിയവർ പങ്കെടുക്കും.

രാത്രി 9ന് സൂപ്പർ മെഗാ മാജിക്, 10നു രാത്രി 7ന് അന്നദാനം, 9ന് ഡാൻസ് ഇൻ ഡ്രീം, 11നു വൈകിട്ട് 6.30ന് അലങ്കാര ദീപാരാധനയും പുഷ്പാഭിഷേകവും, രാത്രി 7ന് അന്നദാനം, 7.30ന് ഭജന, 8.30ന് നൃത്ത-ഗാന സമാഗമം, 12ന് രാത്രി 10ന് ഉത്സവബലി, വൈകിട്ട് 6.30ന് പുഷ്പാലങ്കാരം, രാത്രി 9ന് ജസ്റ്റ് ഫോർ ലാഫ്, 13നു രാത്രി 7ന് അന്നദാനം, 8.15ന് ഡാൻസ്, 14നു രാവിലെ 6.30ന് സമൂഹ മൃത്യുഞ്ജയഹോമം, വൈകിട്ട് 6.15ന് വലിയ പടുക്ക, രാത്രി 7ന് അന്നദാനം, 7.30ന് കഥാപ്രസംഗം, 9ന് വലിയപടുക്ക പ്രസാദ വിതരണം, 15നു രാത്രി 7ന് അന്നദാനം, ഭക്തിഗാനസുധ, 9ന് നൃത്തനാടകം, 16നു രാവിലെ 10ന് പൊങ്കാല, വൈകിട്ട് 5ന് ഐശ്വര്യപൂജ, രാത്രി 7ന് അന്നദാനം, കരോക്കെ ഗാനമേള, രാത്രി 8.30ന് രാഗമാല, 17നു രാവിലെ 9.30ന് ആയില്യപൂജ, പുള്ളുവൻപാട്ട്, രാത്രി 7ന് വലിയകാണിക്ക, 8.30ന് പള്ളിവേട്ട താലിപ്പൊലിവ് ഘോഷയാത്ര, 18നു രാവിലെ 8ന് കൊടിയിറക്കം, തുടർന്ന് ആറാട്ട് എഴുന്നള്ളത്ത്, 9.30ന് ചെന്നാവൂർ ദേവീക്ഷേത്രക്കുളത്തിൽ തിരു ആറാട്ട്, ഉച്ചയ്ക്ക് ആറാട്ട് സദ്യ, രാത്രി 10ന് മേജർ സെറ്റ് കഥകളി.

# തെക്കതിൽ ചാമുണ്ഡേശ്വരി ക്ഷേത്രം

തിരുവനന്തപുരം : കരമന നെടുങ്കാട് കുന്നുംപുറം തെക്കതിൽ ചാമുണ്ഡേശ്വരി ക്ഷേത്രത്തിലെ വാർഷികോത്സവം ഇന്നു തുടങ്ങും. 11നു സമാപിക്കും.

ഇന്ന് വൈകിട്ട് 6.30ന് ഭക്തിഗാനസുധ – തളിയൽ നീലകണ്ഠൻ ആൻഡ് പാർട്ടി, രാത്രി ഹരിഷ്മ ഡാൻസ് അക്കാഡമിയുടെ നൃത്തനൃത്യങ്ങൾ, നാളെ രാത്രി 8ന് തിരു. നളന്ദ അവതരിപ്പിക്കുന്ന നാടൻപാട്ട് വാമൊഴി, 11 ന് വൈകിട്ട് 3.30ന് പൊങ്കാല, 6.30ന് മണ്ണടി പരാശക്തി ക്ഷേത്ര സമിതിയുടെ പൊങ്കാല, 7.30ന് സ്വാതിതിരുനാൾ സംഗീത നാട്യകലാകേന്ദ്രത്തിന്റെ സംഗീതവിരുന്ന്, രാത്രി 10ന് സിനിമാ പ്രദർശനം, 12ന് കമ്പക്കെട്ട് എന്നിവയാണ് ചടങ്ങുകൾ.

# കല്പകനഗർ വനിതാ സമാജം

തിരുവനന്തപുരം : ചാക്ക കല്പക നഗർ വനിതാ സമാജത്തിന്റെ പൊതുയോഗം കൂടി. ശാന്താ അയ്യപ്പൻ (പ്രസിഡന്റ്), മാധുരി സോമൻ (വൈസ് പ്രസിഡന്റ്), ശോഭാ സുരേന്ദ്രൻ (സെക്രട്ടറി), ശാന്താ മധു (ജോയിന്റ് സെക്രട്ടറി), ശാന്തി രാജപ്പൻ (ട്രഷറർ) എന്നിവരുൾപ്പെട്ട ഭരണസമിതിയെ തിരഞ്ഞെടുത്തു.



സാംസൺ ആൻഡ് സൺസ് ബിൽഡേഴ്സ് ആൻഡ് ഡെവലപ്പേഴ്സിന്റെ മൂന്ന് പ്രോജക്ടുകളുടെ ഭൂമിപൂജാ ചടങ്ങ് മന്ത്രി എം. വിജയകുമാർ ഉദ്ഘാടനം ചെയ്യുന്നു. മേയർ കെ. ചന്ദ്രിക, കൗൺസിലർ ജോർജ് ലൂയിസ്, മുൻ കൗൺസിലർ എം. വിനോദ്കുമാർ, മാനേജിംഗ് ഡയറക്ടർ ജോൺ ജേക്കബ് തുടങ്ങിയവർ സമീപം



പിയാജിയോ ആപേ – മിനി ഫോർ വീലർ തിരുവനന്തപുരത്തെ ഡീലർ ആയ സിദ്ധി വിനായക് ഓട്ടോമൊബൈൽസ് മാനേജിംഗ് പാർട്ണേഴ്സ് കൃഷ്ണപിള്ള, ശ്രീധർ എന്നിവർ ചേർന്ന് വിപണിയിലിറക്കുന്നു



കഴക്കൂട്ടം ആറ്റിൻകുഴിയിലെ മോഹൻ മെമ്മോറിയൽ സ്കൂൾ വാർഷികത്തോടനുബന്ധിച്ച് നടത്തിയ കലാകായിക മത്സര വിജയികൾക്ക് കരിക്കകം വി.ആർ. രഘു സമ്മാനം നൽകുന്നു. സ്കൂൾ പ്രിൻസിപ്പൽ പ്രതിഭാമോഹൻ, മുൻ കൗൺസിലർ സി. രാജൻ, സ്വാമി ലോകേശാനന്ദ എന്നിവർ സമീപം

# ഉള്ളൂർ ജന്മശതാബ്ദി റോളിംഗ് ട്രോഫി

തിരുവനന്തപുരം : ഉള്ളൂർ സ്മാരകത്തിന്റെ ആഭിമുഖ്യത്തിൽ ഉള്ളൂർ കവിതകളെ ആധാരമാക്കി നടത്തിയ ഉള്ളൂർ കാവ്യകഥന മത്സരത്തിൽ കാർമ്മൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾ- എൽ.പി വിഭാഗത്തിൽ വർഷാരാജും യു.പി വിഭാഗത്തിൽ മേഘാരാജും ഹയർ സെക്കൻഡറി വിഭാഗത്തിൽ വർഷാഗോപനും ഏറ്റവും കൂടുതൽ പോയിന്റ് നേടി മഹാകവി ഉള്ളൂർ ജന്മശതാബ്ദി റോളിംഗ് ട്രോഫി കരസ്ഥമാക്കി.



മഹാകവി ഉള്ളൂർ സ്മാരകത്തിന്റെ ആഭിമുഖ്യത്തിൽ ഉള്ളൂർ കവിതയെ ആധാരമാക്കി നടത്തിയ ഉള്ളൂർ കാവ്യകഥന മത്സരത്തിൽ എൽ.പി വിഭാഗത്തിൽ ഒന്നാം സമ്മാനത്തിനർഹയായ കാർമൽ വിദ്യാലയത്തിലെ നാലാം ക്ളാസ് വിദ്യാർത്ഥിനി വർഷാരാജ്



മഹാകവി ഉള്ളൂർ സ്മാരകത്തിന്റെ ആഭിമുഖ്യത്തിൽ ഉള്ളൂർ കവിതയെ ആധാരമാക്കി നടത്തിയ ഉള്ളൂർ കാവ്യകഥന മത്സരത്തിൽ യു.പി വിഭാഗത്തിൽ ഒന്നാം സമ്മാനത്തിനർഹയായ വട്ടിയൂർക്കാവ് സരസ്വതി വിദ്യാലയത്തിലെ ഏഴാം ക്ളാസ് വിദ്യാർത്ഥിനി അപർണ കെ.



റവന്യൂ ജില്ലാ സ്കൂൾ കലോത്സവത്തിലും സബ് ജില്ലാ സ്കൂൾ കലോത്സവത്തിലും അപ്പർ പ്രൈമറി വിഭാഗത്തിൽ മാപ്പിളപ്പാട്ടിൽ എ ഗ്രേഡ് നേടിയ കവടിയാർ നിർമ്മലഭവൻ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ ഏഴാം ക്ളാസ് വിദ്യാർത്ഥിനി ആമിന എം.കെ.

KAUMUDI